ഉത്തരം

(എ) സംസ്ഥാനത്ത് 28-2-2005 വരെ 1,53,936 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏറ്റവും ഫലപ്രദമായി നടപ്പാക്കാൻ ഈ സംവിധാനത്തിലൂടെ കഴിയുന്നുണ്ടെന്ന് വ്യക്തമാണ്.

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അയൽക്കൂട്ട ഭാരവാഹികൾക്ക് ശരിയായ പരിശീലനവും ബോധവൽക്കരണവും നൽകേണ്ടതുണ്ട്. നൂതന പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിന് സാങ്കേതിക സഹായമില്ലായ്മ, വിപണന സൗകര്യമില്ലായ്മ, മറ്റു ജാതിമത സംഘടനകൾ രൂപീകരിച്ചിരിക്കുന്ന സ്വയം സഹായ സംഘങ്ങൾ എന്നിവയാണ് ഇന്ന് കുടുംബശ്രീ യൂണിറ്റുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ.

തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കാൻ നടപടി

102 [3799] *ശ്രീ. വി. ജെ. പൗലോസ്:*
,, *ബി. വിജയകുമാർ:*
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. പി. ടി. തോമസ്:
,, *ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്നതും അവ വഴി നൽകുന്നതുമായ ആനുകൂല്യങ്ങൾ ആർക്കെല്ലാമാണ് നൽകാൻ ഓരോ ഗ്രാമസഭയും തീരുമാനിച്ചുവെന്ന കാര്യം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വില്ലേജ് ആഫീസുകൾ, ഗവൺമെന്റ് സ്കൂളുകൾ, ആശുപത്രികൾ എന്നിവയുടെ നോട്ടീസ് ബോർഡുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്ന മറ്റു പരസ്യ ബോർഡുകളിലും പതിപ്പിക്കാൻ ഏർപ്പാടുണ്ടാക്കുമോ?

ഉത്തരം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്നതും അവ വഴി നൽകുന്നതുമായ ആനുകൂല്യങ്ങൾ ആർക്കെല്ലാമാണ് നൽകാൻ ഓരോ ഗ്രാമസഭയും തീരുമാനിച്ചുവെന്ന കാര്യം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിലും അവ സ്ഥാപിക്കുന്ന പരസ്യ ബോർഡുകളിലും പതിപ്പിക്കാറുണ്ട്. മറ്റു സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡുകളിൽ പതിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly